


# Chicago Knanaya Catholic Parish Bulletin

Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153

St. Mary's Parish Unit, 5212 W. Agatite Ave, Chicago, IL 60630

July 15, 2007, Vol. 2, Issue 42

All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm


# ക്നാനായ സമുദായത്തിനുവേണ്ടി കഴിയുന്നതെല്ലാം ചെയ്യും.



MAJOR ARCHBISHOP VARKEY CARDINAL VITHAYATHIL

**ഞാൻ ആത്മാർത്ഥമായി പറയുകയാണ്, ഞാൻ ക്നാനായ സമുദായത്തെ ഏറെ സ്നേഹിക്കുന്നു. എനിക്കു ക്നാനായ സമുദായവുമായി വളരെയേറെ ബന്ധമുണ്ട്.** ഫാദർ കുന്നശ്ശേരിയും ഞാനും ഒരുമിച്ചാണ് റോമിൽ പഠിച്ചിരുന്നത്. അന്നു മുതലുള്ള ബന്ധമാണ് എനിക്കു ക്നാനായ സമുദായവുമായിട്ടുള്ളത്. ഞാനൊരു സന്യാസ വൈദികനാണെന്നു നിങ്ങൾക്കറിയാം. അന്ന് എന്റെ കൂടെയുണ്ടായിരുന്നവരാണ് മാറികയിൽനിന്നുള്ള ജോർജ് പുളിയപ്പള്ളിയും കല്ലറയിൽനിന്നുള്ള അലക്സ് വിരുത്തികുളങ്ങരയും. അപ്പോൾ ഈ സമുദായത്തോട് എനിക്കു വളരെ ബന്ധമുണ്ട്. **അതുകൊണ്ട് ഞാൻ മെത്രാപ്പോലീത്തയായതിനു ശേഷം എനിക്കു കുറച്ചൊക്കെ ഈ സമുദായത്തിനുവേണ്ടി ചെയ്യുവാൻ സാധിച്ചു. അതുപോലെ ഇനിയും എന്നാൽ കഴിയുന്ന സഹായങ്ങളെല്ലാം ചെയ്യുന്നതായിരിക്കും.**

അങ്ങാടിയാത്ത് പിതാവ് മെത്രാനായി ആറു വർഷം ആയതും രൂപതയുടെ ആറാം വാർഷികവും ഇന്നലെ ആയിരുന്നു. അത് നിങ്ങൾ ഇന്ന് ഇവിടെ ആഘോഷിക്കുന്നു. അങ്ങാടിയാത്ത് പിതാവിനെ മെത്രാനായി അഭിഷേകം ചെയ്യുവാൻ എനിക്കു സാധിച്ചു. ഈ രൂപതയുടെ ഉദ്ഘാടനം നടത്തുവാനും എനിക്കു സാധിച്ചു. ഇത്രയും ചുരുങ്ങിയ കാലം കൊണ്ട് ഇത്രയധികം പുരോഗതിയുണ്ടായതിൽ ഞാൻ അതിശയിക്കുകയാണ്. നിങ്ങളുടെ സഹകരണം കൊണ്ടാണ് അതൊക്കെ സാധിച്ചത്. ... അങ്ങാടിയാത്ത് പിതാവിന്റെ കീഴിൽ ഈ രൂപത ഇനിയും വളരുമെന്ന് എനിക്കു വിശ്വാസമുണ്ട്.

റവ. ഫാദർ അബ്രാഹം മുത്തോലത്തിനെ ഞാൻ പലപ്പോഴും വീക്ഷിച്ചിട്ടുണ്ട്. അദ്ദേഹം ക്നാനായ സമുദായത്തിൽപ്പെട്ട ആളാണ്. ഈ സമുദായത്തെ വളരെയധികം സ്നേഹിക്കുന്ന ആളാണെങ്കിലും അദ്ദേഹത്തിന്റെ വീക്ഷണം എപ്പോഴും വിശ്വാസമാണ്. ആ വിശ്വാസംകൊണ്ടാണ് രൂപതയുടെ വികാരി ജനറാളായി ആത്മാർത്ഥമായി അങ്ങാടിയാത്ത് പിതാവുമായി സഹകരിച്ചു പ്രവർത്തിക്കുന്നത്. അതുകൊണ്ട് ദൈവം അദ്ദേഹത്തിന് വളരെയധികം അനുഗ്രഹങ്ങൾ നല്കുമെന്നതിൽ എനിക്കൊരു സംശയവുമില്ല. മെത്രാനെ ബഹുമാനിക്കുന്ന നിങ്ങൾക്കും ക്നാനായ മക്കൾക്കും ധാരാളം പുരോഗതിയുണ്ടാകുമെന്ന് എനിക്കു വിശ്വാസമുണ്ട്. **ഇവിടെ യൂത്ത് സെന്ററിനുവേണ്ടി ഒരു കല്ല് ആശീർവ്വദിക്കുവാൻ കഴിഞ്ഞത് എനിക്കു സന്തോഷം തരുന്ന മറ്റൊരു കാര്യമാണ്.**



**Blessing of the foundation stone for Youth Center at Sacred Heart Knanaya Catholic Church in Chicago by Major Archbishop Varkey Cardinal Vithayathil along with Bishop Mar Jacob Angadiath, Vicar General Fr. Abraham Mutholath and other priests.**

# July 15: Parish Youth Day

## PASTOR / VICAR

**Fr. Abraham Mutholath**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***

**For a list of all Voluntary Staff, please visit:**
***www.knanayaregion.us/chicago/staff.htm***

## HOLY MASS

**SUNDAY 10:00 A.M. at Sacred Heart Church**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M. at Sacred Heart Church**
**SATURDAY 10:00 A.M. at Sacred Heart Church**

## RELIGIOUS EDUCATION

**ON SUNDAYS 11:15 A.M. to 12:30 at S. H. Church**
**3:45 P.M. at OLV for St. Mary's Unit**

## ADORATION

**First Fridays after Mass at S.H. Church**

## RECONCILIATION / CONFESSION

**First Saturdays from 10:00 A.M. at S. H. Church.**

## NOVENAS

**Our Lady of Perpetual Help after Saturday Mass at Sacred Heart Church.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 2nd Fridays of the month after Mass at Sacred Heart Church.**

## PRAYER GROUP

**ADULT: Sundays after Mass at S.H. Church**

**REL. EDU. TEACHERS: After Religious Education Class at Sacred Heart Church.**

**YOUTH: First Saturdays after mass at S. H. Church.**

## ST. VINCENT DE PAUL SOCIETY

**Sundays after Mass**

## LEGION OF MARY

**Saturdays after Mass And one Sunday per month**

## MEN'S & WOMEN'S MINISTRIES

**First Friday evenings after Holy Mass**

July 2007

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | 31 | | | | |

# Schedule of Events

**SATURDAY, JULY 14, 2007**
**FEAST OF ST. KURIAKOSE**
Holy Mass and Novena at S. H. Church at 10:00 A.M.

**SUNDAY, JULY 15, 2007**
ഫലാഗമ കാലം ആരംഭിക്കുന്നു.
**YOUTH DAY IN THE PARISH.**
**Sabha Dinam: Prayer and second collection for Syro-Malabar Church.**
Holy Mass at 10:00 A.M. at Sacred Heart Church.
Mass at OLV for St. Mary's unit at 5:30 P.M.

**THURSDAY, JULY 19, 2007**
Holy Mass, Novena and Benediction at Community Center at 7:00 P.M.

**FRIDAY, JULY 20, 2007**
Holy Mass at Sacred Heart Church at 7:00 P.M.

**SATURDAY, JULY 21, 2007**
Holy Mass and Novena at S. H. Church at 10:00 A.M.

**SUNDAY, JULY 22, 2007**
**COMMUNITY AWARENESS DAY IN THE PARISH**
Holy Mass at 10:00 A.M. at Sacred Heart Church.
Mass at OLV for St. Mary's unit at 5:30 P.M.

**THURSDAY, JULY 26, 2007**
**Death Anniversary of Bishop Mar Thomas Tharayil (07-26-1975).**
Holy Mass, Novena and Benediction at Community Center at 7:00 P.M.

**FRIDAY, JULY 27, 2007**
Holy Mass at Sacred Heart Church at 7:00 P.M.

**SATURDAY, JULY 28, 2007**
**FEAST OF BLESSED ALPHONSA.**
Holy Mass and Novena at S. H. Church at 10:00 A.M.

**SUNDAY, JULY 29, 2007**
**FEAST OF ST. JACOB WITH CHRISMATION AT 10:00 AM AT S.H. CHURCH. MAIN CELEBRANT: BISHOP MAR JACOB ANGADIATH.**
Mass at OLV for St. Mary's unit at 5:30 P.M.

**THURSDAY, AUGUST 2, 2007**
Holy Mass, Novena and Benediction at Community Center at 7:00 P.M.

**FRIDAY, AUGUST 3, 2007**
Holy Mass at Sacred Heart Church at 7:00 P.M.
**MEETING OF MEN'S MINISTRY, WOMEN'S MINISTRY AND ALL VOLUNTEERS OF THE PARISH AFTER HOLY MASS**

**SATURDAY, AUGUST 4, 2007**
Holy Mass and Novena at S. H. Church at 10:00 A.M.

**SUNDAY, AUGUST 5, 2007**
**SOCIAL SERVICE DAY IN THE PARISH**
Holy Mass at 10:00 A.M. at Sacred Heart Church.
Mass at OLV for St. Mary's unit at 5:30 P.M.

# വികാരിയുടെ സന്ദേശം



## വാത്സല്യം വാരിചൊരിഞ്ഞ ഇടയ സന്ദർശനം

എന്റെ പ്രിയ സഹോദരങ്ങളേ,

"ഞാൻ ക്നാനായക്കാരനല്ലെങ്കിലും ഈ സമുദായത്തെ ഏറെ സ്നേഹിക്കുന്നു. നിങ്ങൾക്കുവേണ്ടി ചെയ്യുവാൻ കഴിയുന്നതെല്ലാം ഞാൻ ചെയ്തിട്ടുണ്ട്. മാർപാപ്പയുടെ അനുവാദത്തോടെ കോട്ടയം രൂപതയെ ഞാൻ അതിരൂപതയാക്കി. അതിന്റെ പ്രഥമ മെത്രാപ്പോലീത്തയായി അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിനെ ഞാൻ ഉയർത്തി സ്ഥാനാരോഹണവും നടത്തി. ഇനിയും ഈ സമുദായത്തിനുവേണ്ടി എന്നാൽ കഴിയുന്നതെല്ലാം ചെയ്യുന്നതാണ്." പിതൃസഹജമായ വാത്സല്യത്തോടും തികഞ്ഞ ആത്മാർത്ഥതയോടും സീറോ മലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്താ അത്യുന്നത കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പ്രവാസി ക്നാനായാക്കാരുടെ പ്രഥമ ദൈവാലയമായ നമ്മുടെ പള്ളിയിൽ പ്രസംഗിച്ചപ്പോൾ നാമേവരും കോരിത്തരിച്ചു.

കർദ്ദിനാൾ തിരുമേനിയോടുചേർന്ന് ക്നാനായ സമുദായത്തോടുള്ള തന്റെ താല്പര്യവും സ്നേഹവും അഭിവന്ദ്യ അങ്ങാടിയാത്തു പിതാവും പ്രകടിപ്പിച്ചു. നമ്മുടെ ഇടവകയുടെ അത്ഭുതാവഹമായ പുരോഗതിയിലും ജനപങ്കാളിത്വത്തിലും അദ്ദേഹം ഏറെ സന്തുഷ്ടി പ്രകടിപ്പിച്ചു. യൂത്ത് സെന്റർ ഇന്നിന്റെ ആവശ്യമാണെന്നും അതിന്റെ പണി വേഗം പൂർത്തിയാക്കി വെഞ്ചരിക്കുവാൻ ഇടയാകട്ടെയെന്ന് അദ്ദേഹം ആശംസിക്കുകയും അതിനായി എല്ലാവരും ഉത്സാഹിക്കണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്തു.

രണ്ടു പിതാക്കാന്മാരുടെയും സമീപനം ഏറെ ഹൃദ്യവും സന്തോഷകരവുമാകുന്നതിനു മുഖ്യ കാരണം നാം അവരോടു കാണിച്ച സ്നേഹ സമീപനവും ആദരവുമായിരുന്നു. കെ. സി. സി. എൻ. ഏയുടെ ടൊറൊൻഡോ കൺവെൻഷനിൽ ദിവ്യബലി മദ്ധ്യേ ഞാൻ പ്രസംഗിച്ച കാര്യം ഇവിടെ അനുസ്മരിപ്പിക്കട്ടെ: വ്യക്തി ജീവിതത്തിലും സമൂഹ ജീവിതത്തിലും സഭാ സാമുദായിക മേഖലയിലും പ്രശ്നങ്ങൾ സ്വാഭാവികമാണ്. ഭാരതീയരെന്ന നിലയിൽ മഹാത്മാഗാന്ധിയുടെയും ക്രൈസ്തവരെന്ന നിലയിൽ ക്രിസ്തുവിന്റെയും മാർഗങ്ങളാണ് പ്രശ്ന പരിഹാരത്തിനു നാം ഉപയോഗിക്കേണ്ടത്. സഹനത്തിലൂടെയും അഹിംസയിലൂടെയും ശത്രുസ്നേഹത്തിലൂടെയും നമുക്ക് പ്രതിബന്ധങ്ങളെ അതിജീവിക്കുവാൻ കഴിയും.

ചിക്കാഗോയിൽ നാം സ്വന്തമായി ദൈവാലയം ഉണ്ടാക്കിയപ്പോൾ നമ്മിൽ സ്വത്വമയും സന്തോഷവും ആത്മീയ ഉണർവ്വും തളിരിടുന്നു. ദൈവം നമ്മെ വാരിക്കോരി അനുഗ്രഹിക്കുന്നു. സഭാപിതാക്കന്മാർ നമ്മുടെ വളർച്ചയ്ക്കു പ്രോത്സാഹനം നല്കുന്നു. നമ്മുടെ കുഞ്ഞുങ്ങൾ ഇടവകയുടെ മടിത്തട്ടിൽ സുരക്ഷിതരായി സമുദായസ്നേഹത്തിലും ഈശ്വര ചൈതന്യത്തിലും വളരുന്നു. സഭയോടൊത്തു ചിന്തിക്കുവാനും സഭയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാനും നാം തയ്യാറാകുമ്പോൾ സഭാ മാതാവു നമ്മെ താലോലിച്ചു തന്നെ പരിപാലിക്കും.

നമ്മുടെ യൂത്ത് സെന്ററിന്റെ അടിസ്ഥാന ശില ആശീർവ്വദിച്ച ഉടനെ മുതിർന്നവർ മാത്രമല്ല, യുവജനങ്ങളും പിച്ച വച്ചു നടക്കുവാൻ തുടങ്ങിയ കുഞ്ഞുങ്ങളും വരെ തങ്ങളുടെ ചെറിയ സമ്പാദ്യങ്ങളുടെ എൻവലപ്പുമായി സഭാ പിതാക്കന്മാരുടെ ആശീർവ്വാദത്തിനായി അണിനിരന്നത് എത്രയോ ഹൃദ്യമായ ദൃശ്യമായിരുന്നു. അതിനെ അഭിവന്ദ്യ അങ്ങാടിയാത്തു പിതാവ് തന്റെ പ്രസംഗത്തിൽ പ്രശംസിക്കുകയും ചെയ്തല്ലോ. ഈ പള്ളി തങ്ങളുടെ രണ്ടാം ഭവനമാണെന്ന അനുഭവത്തിലേക്കു വരുവാനും തങ്ങളുടെ കൂടി ത്യാഗത്തിന്റെ ഫലമാണെന്നു വരുവാനും ഈ പങ്കുവയ്ക്കൽ നമുക്കും കുഞ്ഞുങ്ങൾക്കും ഇടയാക്കണം.

ഏറെ ആകർഷകമായ മറ്റൊരു ദൃശ്യമാണ് ഞായറാഴ്ചകളിൽ നമ്മുടെ കുട്ടികൾ നടത്തുന്ന ലെമനേഡ് വില്പന. എത്ര അഭിമാനത്തോടും ആത്മാർത്ഥതയോടുമാണ് തങ്ങളുടെ യൂത്ത് സെന്ററിനുവേണ്ടി അവർ ഉത്സാഹിക്കുന്നത്. നമ്മുടെ കുട്ടികളെയും അവരുടെ നല്ല ഭാവിയേയും കരുതി നാം തുടങ്ങുന്ന യൂത്ത് സെന്റർ പ്രോജക്ടിൽ ഏവരും ത്യാഗപൂർവ്വം സഹകരിക്കണം. അതിനുള്ള പ്രതിഫലം പലവിധേന ദൈവം നമുക്കു നല്കും.

ഈ വാരാന്ത്യം മുതൽ നമ്മുടെ യൂത്ത് സെന്ററിന്റെ പണിപൂർത്തിയായി വെഞ്ചരിക്കുന്നതു വരെ, നമ്മുടെ പള്ളിയിൽ ദിവ്യബലിയുടെ അവസാനത്തിലും നമ്മുടെ ഭവനങ്ങളിൽ സന്ധ്യാ പ്രാർത്ഥനകളിലും, കൂടാരയോഗങ്ങളിലും ഈ ലക്കത്തിൽ പ്രസിദ്ധപ്പെടുത്തുന്ന യൂത്ത് സെന്ററിനുവേണ്ടിയുള്ള പ്രാർത്ഥന മുടങ്ങാതെ ചൊല്ലണമെന്നും ഇംഗ്ലീഷിൽ കുട്ടികളെക്കൊണ്ടു ചൊല്ലിക്കണമെന്നും അഭ്യർത്ഥിക്കുന്നു. നമ്മുടെ പ്രാർത്ഥന ശ്രവിച്ച് ദൈവാലയം ചുരുങ്ങിയ സമയം കൊണ്ടു നല്കിയ ദൈവം നമ്മുടെയും, പ്രത്യേകിച്ചു നമ്മുടെ കുട്ടികളുടെയും പ്രാർത്ഥന കേട്ട് ഈ യൂത്ത് സെന്റർ പൂർത്തിയാക്കുവാൻ നമ്മെ അനുഗ്രഹിക്കും.

നമ്മെ പ്രോത്സാഹിപ്പിക്കുവാനും ആശിർവ്വദിക്കുവാനും സ്നേഹത്തിന്റെ മധുര വചസ്സുകളുമായെത്തിയ മാർ വർക്കി കർദ്ദിനാൾ വിതയത്തിൽ പിതാവിനും മാർ ജേക്കബ് അങ്ങാടിയാത്തു പിതാവിനും നന്ദി.

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്

## നുറുങ്ങുവെട്ടം



**നാം അളക്കുന്ന അളവുകൊണ്ട്**
**നമുക്കും അളന്നു കിട്ടും.**
**സ്നേഹവും ത്യാഗവുമാകട്ടെ**
**നമ്മുടെ അളവുകോൽ.**

**NEXT ISSUE: YOUTH RETREAT PHOTO FEATURE**

# ക്നാനായ സമുദായത്തെ എട്ടാമത്തെ ലോകാത്ഭുതമാക്കുന്നത് അംഗങ്ങളുടെ പരസ്പര സ്നേഹവും ഐക്യവുമാണ്



*(മേജർ ആർച്ചുബിഷപ്പ് അത്യുന്നത കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ ജൂലൈ രണ്ടാം തീയതി ദിവ്യബലിമദ്ധ്യേ നമ്മുടെ പള്ളിയിൽ നടത്തിയ പ്രസംഗം)*

രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ അങ്ങാടിയാത്തു പിതാവേ, വികാരി ജനറാൾ ബഹുമാനപ്പെട്ട അബ്രാഹം മുത്തോലത്തച്ചാ, ഇവിടെ സന്നിഹിതരായിരിക്കുന്ന മറ്റു വൈദികരേ, സന്യസ്തരേ, മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

വളരെ സന്തോഷത്തോടുകൂടിയാണ് ഞാനിവിടെ നില്ക്കുന്നത്. നാം നാളെ നമ്മുടെ അപ്പസ്തോലനായ മാർ തോമ്മാശ്ലീഹായുടെ ദുക്റാന തിരുന്നാൾ ആഘോഷിക്കുകയാണ്. അതിന്റെ വിജിൽ മാസ്സാണിത്. ഈ ദുക്റാന തിരുന്നാളിന്റെ അനുഗ്രഹങ്ങളും ആശംസകളും എല്ലാവർക്കും ഞാൻ സന്തോഷപൂർവ്വം നേരുന്നു. നിങ്ങളുടെ ഈ ക്നാനായ സമുദായത്തിന് എല്ലാവിധ ആദ്ധ്യാത്മികവും ഭൗതികവുമായ പുരോഗതി ഉണ്ടാകട്ടെയെന്ന് ഞാൻ വിശുദ്ധ തോമ്മാശ്ലീഹായുടെ മാദ്ധ്യസ്ഥം വഴി ദൈവത്തോടു പ്രാർത്ഥിക്കുകയാണ്.

വാസ്തവത്തിൽ ചിക്കാഗോയിലെ ക്നാനായ സമുദായത്തിന് വളരെയധികം പുരോഗതി ഉണ്ടായിട്ടുണ്ട്. 1998ൽ ഞാനിവിടെ ദിവ്യബലി അർപ്പിച്ചു. പക്ഷേ അത് ഒരു ദൈവാലയത്തിലായിരുന്നില്ല; ഒരു ഹാളിലായിരുന്നു. **ഇന്നു നിങ്ങൾക്കു സ്വന്തമായ നല്ല പരിസരങ്ങളോടുകൂടിയ ഒരു പള്ളി ലഭിച്ചു.** അതിനു ഞാൻ ദൈവത്തിനു നന്ദി പറയുന്നു. പത്തു ദിവസം മുൻപ് ഞാൻ ഹ്യൂസ്റ്റണിലും പോയിരുന്നു. അവിടെ നിങ്ങളുടെ ക്നാനായ അംഗങ്ങളോടൊപ്പം ദിവ്യബലി അർപ്പിച്ചു. ഒരു ഹാളിലായിരുന്നെങ്കിലും പള്ളിയുടെ മാതൃകയിലുള്ള സൗകര്യങ്ങൾ അവിടെയുണ്ട്. അവിടെ രണ്ടു കുട്ടികളുടെ ദാരുണ മരണം സംഭവിച്ച ഭവനം സന്ദർശിക്കുകയും മാതാപിതാക്കളെ ആശ്വസിപ്പിക്കുകയും ചെയ്തു. അവിടെയും 1998ൽ, അന്ന് ഡാളസ് വികാരിയായിരുന്ന, ഫാദർ ജേക്കബ് അങ്ങാടിയാത്തിനോടൊപ്പം ഞാൻ പോയിരുന്നു. അവിടെ നിങ്ങൾക്ക് അന്ന് പള്ളിയില്ലായിരുന്നു. ഇപ്പോൾ മനോഹരമായ ഒരു ഹോൾ അവിടെയുണ്ടായി. ഇവയെല്ലാം സൂചിപ്പിക്കുന്നത് ദൈവത്തിന്റെ അനുഗ്രഹം കൊണ്ട് നിങ്ങളുടെ സമുദായം അമേരിക്കയിൽ വളർന്നു വരുന്നുവെന്നുള്ളതാണ്.

**അന്നു ഞാൻ ചിക്കാഗോയിൽ പ്രസംഗിച്ചപ്പോൾ ക്നാനായ സമുദായം ലോകത്തിലെ എട്ടാമത്തെ അത്ഭുതമാണെന്നു പറയുകയുണ്ടായി. പത്രങ്ങളിൽ എന്റെ ആ വാർത്ത വരികയുണ്ടായി. അത്ഭുതമെന്നു ഞാൻ വിശേഷിപ്പിച്ചത്, നിങ്ങൾ ഇപ്പോൾ 17 നൂറ്റാണ്ടുകളായിട്ട് ഒരൊറ്റ സമൂഹമാണ്. പരസ്പരം സ്നേഹിക്കുകയും ബന്ധപ്പെടുകയും ചെയ്ത് ഒന്നായി ഈ ലോകത്തിൽ നിലനില്ക്കുന്നു എന്നതാണ് അത്ഭുതമെന്ന വാക്കുപയോഗിക്കുവാൻ എന്നെ പ്രേരിപ്പിച്ചത്. ഈ സമൂഹത്തിനെ എല്ലാവിധ ദൈവാനുഗ്രഹവും ഉണ്ടാകട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഞാൻ നിങ്ങളുടെ സമുദായാംഗമല്ലെങ്കിലും നിങ്ങളുടെ സമുദായത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്ന വ്യക്തിയാണ്.**

നമ്മുടെ സമുദായത്തോടും ജന്മനാടിനോടുമൊക്കെ സ്നേഹമുണ്ടാകുക സ്വാഭാവികമാണ്. ഒരു പരിധിവരെ അതു പുണ്യവുമാണ്. ദൈവം നമ്മിൽനിന്ന് ആഗ്രഹിക്കുന്നതുമാണ്. എന്നാൽ അതിരു കവിഞ്ഞു പോകരുതെന്നു മാത്രമേയുള്ളു. മറ്റുള്ളവരുമായിട്ടുള്ള സ്നേഹബന്ധത്തിന് അതു വിഘാതമായിക്കൂടാ. ഭാര്യാഭർതൃസ്നേഹം, മാതാപിതാക്കളും മക്കളും തമ്മിലുള്ള സ്നേഹം ഇതൊക്കെ ഈ ലോകത്തിന്റേതാണ്. ഈ ബന്ധങ്ങളും സ്നേഹവുമൊക്കെ കടന്നുപോകുന്നതാണ്. നിത്യമായിട്ടുള്ള ബന്ധങ്ങളേപ്പറ്റിയാണ് നാമെപ്പോഴും ചിന്തിക്കേണ്ടത്. അതിനെപ്പറ്റിയാണ് ഇന്നത്തെ പൗലോസ് ശ്ലീഹായുടെ ലേഖനത്തിൽ വായിക്കുന്നത്. നാമെല്ലാവരും പരിശുദ്ധാത്മാവിനാൽ ബന്ധിക്കപ്പെട്ട ഒരു കെട്ടിടമാണ്.

ഏതു സമുദായമായിരുന്നാലും നമ്മുടെ പാരമാർത്ഥികമായ വീക്ഷണത്തിൽ നാം വിശ്വാസികളായിരിക്കുക. വിശ്വാസത്തി

*(Continued on page 5)*



*(Continued from page 4)*

ന്റെ വീക്ഷണത്തിൽ നാമെല്ലാവരും ദൈവത്തിന്റെ മക്കളാണ്. ദൈവം നമ്മളോരോരുത്തരേയും സ്വന്തം ഛായയിൽ സൃഷ്ടിച്ചതാണ്. നമ്മളെ സ്നേഹിച്ച കർത്താവീശോമിശിഹാ കുരിശിൽ തന്നെത്തന്നെ ബലിയായി സമർപ്പിച്ചു. ദൈവം നമ്മെ ഓരോരുത്തരെയും സ്നേഹിക്കുന്ന കാര്യം നമ്മുടെ വിശ്വാസത്തിന്റെ വെളിച്ചത്തിലേ കാണുവാൻ സാധിക്കുകയുള്ളൂ. എന്നന്നേക്കും നിലനില്ക്കുന്ന കാര്യങ്ങളേക്കുറിച്ചായിരിക്കണം നമ്മുടെ ചിന്ത. ഈ ലോകത്തിലെ ബന്ധങ്ങളെല്ലാം കടന്നുപോകും. വൈദികരും അത്മായരുമായുള്ള ബന്ധം കടന്നുപോകും. മരണത്തോടെ ഇവയെല്ലാം അവസാനിക്കുന്നു. സ്വർഗ്ഗത്തിൽ വൈദികരെന്നോ മെത്രാനെന്നോ മാർപാപ്പയെന്നോ വ്യത്യാസമില്ല. എല്ലാവരും ദൈവത്തിന്റെ മക്കളാണ്. സ്ഥാനമാനങ്ങളും സമ്പത്തും ഈ ലോകത്തിന്റേതാണ്. നിത്യമായത് സ്വർഗ്ഗമാണ്. ആരാണ് കൂടുതൽ വിശുദ്ധർ അവർക്കാണ് അവിടെ സ്ഥാനം. ഇതാണ് വിശ്വാസത്തിന്റെ വെളിച്ചത്തിൽ നാം മനസ്സിലാക്കേണ്ടത്. നിത്യമായ ജീവിതമായിരിക്കണം നമ്മുടെ ലക്ഷ്യം. ...

**നിങ്ങൾക്ക് നിങ്ങളുടെ സമുദായത്തിൽനിന്ന് ഇവിടെ മെത്രാനില്ല. വേറെ സമുദായത്തിൽനിന്നുമുള്ള മെത്രാനാണ് നിങ്ങളുടെ മെത്രാൻ, അങ്ങാടിയാത്ത് മെത്രാൻ. 400 വർഷങ്ങൾ തെക്കും ഭാഗരും വടക്കും ഭാഗരും ഉൾപ്പെടുന്ന കേരള കത്തോലിക്കാ സഭയെ ഭരിച്ചിരുന്നത് വെള്ളക്കാരായ മെത്രാന്മാരായിരുന്നു. അവരെ നമ്മൾ സ്വീകരിച്ചത് നമ്മുടെ വിശ്വാസം കൊണ്ടാണ്. ദൈവം അയയ്ക്കുന്ന ഇടയൻ, അത് സ്വന്തം സമുദായക്കാരനാണെങ്കിലും അല്ലെങ്കിലും നാം അംഗീകരിക്കണം. സ്വസമുദായക്കാരനാണെങ്കിൽ സന്തോഷിക്കുക. ഇതാണ് വിശ്വാസം നമ്മെ പഠിപ്പിക്കുന്നത്. അപ്പസ്തോലന്മാരുടെ പിൻഗാമികളാണ് മെത്രാന്മാർ. കർത്താവിന്റെ ദൗത്യം ജനങ്ങളിലേക്ക് എത്തിക്കുന്നത് മെത്രാൻ വഴിയാണ്.**

നിങ്ങളിവിടെ അങ്ങാടിയാത്ത് മെത്രാനെ വിളിച്ച് സ്വീകരിച്ചത് അദ്ദേഹം സ്വന്ത സമുദായക്കാരനായതുകൊണ്ടല്ല. നിങ്ങളുടെ വിശ്വാസം കൊണ്ടാണ്. അതിൽ ഞാൻ നിങ്ങളെ അനുമോദിക്കുന്നു.

**നിങ്ങളുടെ ആഗ്രഹം സാധിച്ചു കിട്ടുമോ എന്നുള്ളത് റോം തീരുമാനിക്കണം. പരിശുദ്ധ പിതാവ്, പത്രോസിന്റെ പിൻഗാമി, തീരുമാനിക്കേണ്ട കാര്യമാണ്. കാരണം സഭാപരമായ ദൈവശാസ്ത്രപരമായ കാര്യങ്ങൾ അതിൽ ഉൾപ്പെടുന്നു. എനിക്കോ സിനഡിനോ ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയില്ല. പക്ഷേ എന്നാൽ കഴിയാവുന്നതെല്ലാം ഞാൻ ചെയ്തു. സിനഡിന്റെയും മാർപാപ്പയുടെയും അനുവാദത്തോടുകൂടി കോട്ടയം രൂപതയെ അതിരൂപതയാക്കുവാൻ എനിക്കു സാധിച്ചു. കുന്നശ്ശേരി പിതാവിനെ ആദ്യത്തെ ക്നാനായ മെത്രാപ്പോലീത്തയായി നിയമിക്കുവാനുള്ള ഭാഗ്യം എനിക്കു ലഭിച്ചു.**

**ഇനി എന്താണു സംഭവിക്കുക എന്നെനിക്കറിയില്ല. നിങ്ങളുടെ ആഗ്രഹങ്ങൾ പൂർണ്ണമായിട്ടില്ലെന്നും നിങ്ങൾ തൃപ്തരായിട്ടില്ലെന്നും എനിക്കറിയാം. അതിനാൽ തന്നെ മൂലക്കാട്ട് പിതാവിന്റെ ആഗ്രഹ പ്രകാരം റോമുമായി സംഭാഷണം നടത്തുന്നതിനുള്ള അനുമതി നല്കി. ആ സംഭാഷണം ആരംഭിക്കുകയും ചെയ്തു. റോമിന്റെ തീരുമാനമെന്തെന്ന് വിശ്വാസത്തോടെ നമുക്കു കാത്തിരിക്കാം. പക്ഷേ നിങ്ങളെല്ലാവരും എന്റെ സ്നേഹത്തിലും പ്രാർത്ഥനയിലും ഉണ്ട് എന്നുള്ള കാര്യം ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു.**

# IN LOVING MEMORY OF





**K.C. Lukose Kattapuram**

07-20-07
44th Death Anniversary

**Chachy Lukose Kattapuram**

07-02-07
2nd Death Anniversary

**BY THE SORROWING FAMILY**





**Solemn Reception given to Major Archbishop Mar Varkey Cardinal Vithayathil at our Sacred Heart Knanaya Catholic Church on July 2, 2007**

# ഈ ഇടവകയിൽ ഞാൻ വളരെയധികം അഭിമാനം കൊള്ളുന്നു.

നമ്മുടെ സഭയുടെ തലവനും കർദ്ദിനാളുമായ വിതയത്തിൽ പിതാവിനോടൊപ്പം ഈ സുദിനം പങ്കുവയ്ക്കുവാൻ സാദ്ധ്യമാകുന്നത് എനിക്കും നിങ്ങൾക്കേവർക്കും നന്ദിയും സ്നേഹവും അതിലേറെ സന്തോഷവും നല്കുന്ന ഒരവസരമാണ്. അഭിവന്ദ്യ പിതാവിന്റെ ഈ സന്ദർശനാവസരത്തിൽ രണ്ടു ദിവസം ചിക്കാഗോയിൽ നമ്മോടൊപ്പം ഉണ്ട്. ഇന്ന് അമേരിക്കയിലെ സീറോ മലബാർ സഭയിലെ ആദ്യത്തെ ക്നാനായ കത്തോലിക്കാ ഇടവക ദൈവാലയത്തിൽ തോമ്മാശ്ലീഹായുടെ ദുക്റാന തിരുന്നാളിൽ മുഖ്യ കാർമ്മികത്വം വഹിക്കുവാൻ പിതാവിനു സാധിച്ചുവെന്നത് നമ്മുടെ ഇടവകയ്ക്കു ലഭിക്കുന്ന വലിയ അനുഗ്രഹമാണ്. അതിനു നമുക്കു ദൈവത്തിനു നന്ദി പറയാം.

**ഈ ഇടവകയെക്കുറിച്ചും ഇതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും എനിക്കു വളരെയധികം അഭിമാനമുണ്ട്. ബഹുമാനപ്പെട്ട മുത്തോലത്തച്ചന്റെ നേതൃത്വത്തെക്കുറിച്ചും ഇവിടുത്തെ പ്രവർത്തനങ്ങളെക്കുറിച്ചും ഞാൻ പലയിടത്തും, ഫ്ലോറിഡാ കൺവെൻഷനിലും അച്ചന്മാരുടെ ഇടയിലും ഒക്കെ, അഭിമാനത്തോടെ പറയാറുണ്ട്. ഈ ഇടവകയിൽപെട്ട ആരെങ്കിലും ഏതെങ്കിലും മിനിസ്ട്രിയിലുൾപ്പെടാത്തതായി ഉണ്ടെന്നെനിക്കു തോന്നുന്നില്ല. അതുകൊണ്ട് ഇടവകാംഗം എന്നതിലുപരി ഇടവകയുടെ പ്രവർത്തനങ്ങളിൽ കുഞ്ഞുങ്ങൾ മുതൽ പ്രായം ചെന്നവർ വരെ പങ്കാളികളാകുന്നു. എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് ചിട്ടയായും ഭംഗിയായും ഇടവകയെ നയിച്ചു പോകുന്ന ബഹുമാനപ്പെട്ട മുത്തോലത്തച്ചനെ പ്രശംസിക്കുകയും തുടർന്നും നല്ല രീതിയിൽ ഇടവകയെ നയിക്കുവാൻ സാധിക്കട്ടെയെന്നു പ്രാർത്ഥിക്കുകയുമാണ്. അച്ചനു നിങ്ങൾ നല്കുന്ന നല്ല സഹകരണത്തിനു നന്ദി പറയുന്നു. തുടർന്നും ഈ സഹകരണം നിലനിർത്തണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.**



**- മാർ ജേക്കബ് അങ്ങാടിയാത്ത്**

**ഇവിടെ കുഞ്ഞുങ്ങൾ മുതലുള്ളവർ നമ്മുടെ പള്ളിക്ക് സംഭാവന നല്കുന്നതു കാണുന്നതിൽ അതീവ സന്തോഷം തോന്നുന്നു. വീടു കഴിഞ്ഞാൽ നമ്മുടെ അടുത്ത സങ്കേതം നമ്മുടെ പള്ളിയാണ്. മറ്റേതു പള്ളിയിൽ പോയാലും നമ്മുടെ പള്ളിയാകില്ല. അനേക കാലം ഐ.എച്ച്.എം. പള്ളിയിൽ നാം പൊയ്ക്കൊണ്ടിരുന്നു. എങ്കിലും ഇവിടെ വരുന്ന അനുഭവം അവിടെ നിങ്ങൾക്കു ലഭിച്ചിരുന്നോ എന്നു ചിന്തിച്ചു നോക്കുക. ഇതു മാത്രമല്ല, ഇതുപോലുള്ള സൗകര്യങ്ങളും ഇടവകകളും നമ്മുടെ സീറോ മലബാർ സഭയുടെ കീഴിൽ മറ്റു സ്ഥലങ്ങളിലും ഉണ്ടാകണം. അതിനായി നമ്മൾ ഒത്തൊരുമിച്ചു പരിശ്രമിക്കണം.**

ശ്രുപതയോടു സഹകരിച്ച് കൂട്ടായ്മയോടുകൂടി പ്രവർത്തിക്കുമ്പോഴേ ദൈവം നമ്മോടു കൂടെയായിരിക്കുന്നവനാണ് എന്ന ബോദ്ധ്യം നമുക്കുണ്ടാകൂ. അതിന്റെ ഏറ്റം വലിയ അനുഭവം, സാക്ഷ്യം നാം തന്നെയാണ്.

**ഇന്നു നമ്മൾ ആശീർവദിച്ച ശില മണ്ണിട്ട് മുളപ്പിക്കണം. അത് എത്രയും വേഗം വളർത്തിയെടുത്ത് അടുത്ത ജൂലൈ മാസത്തിനു മുമ്പ് നമ്മുടെ യൂത്ത് സെന്റർ ഉദ്ഘാടനം ചെയ്യുവാൻ നമുക്കിടയാകട്ടെ. അതിന് എല്ലാവരും ഒത്തൊരുമിച്ച് പരിശ്രമിക്കണമെന്ന് നിങ്ങളെല്ലാവരെയും ഓർമ്മപ്പെടുത്തുന്നു.**



**Children and youth line up to give their savings to their youth center through Major Archbishop Varkey Cardinal Vithayathil and Bishop Mar Jacob Angadiath.**

# സമുദായത്തിന്റെ ചാലകശക്തിയായ ഇടവക

കേരള സഭയെ ശക്തിപ്പെടുത്തുവാൻ 17 നൂറ്റാണ്ടുകൾക്കുമുമ്പ് സാഹസിക പ്രേഷിത കുടിയേറ്റയാത്ര നടത്തിയ തീർത്ഥാടക സമൂഹത്തിന്റെ പിൻഗാമികളായ ഞങ്ങൾ എന്നും എക്കാലവും സഭയുടെ വിശ്വസ്ത സംരക്ഷകരും വിനയാന്വിത ശുശ്രൂഷകരുമാണ്. ആ മഹത്തായ പാരമ്പര്യത്തിന്റെ തുടർക്കണ്ണികളായി നിന്നുകൊണ്ട്, ഇവിടെ ഈ മേവുഡിൽ, ക്നാനായ സമൂഹം ഈ ദൈവാലയം വാങ്ങി, ദൈവത്തെ ആരാധിക്കുന്നു, സ്തുതിക്കുന്നു.

ഇതിനു ഞങ്ങളെ ഏറ്റവുമധികം സഹായിച്ച വ്യക്തിയാണ് അഭിവന്ദ്യ അങ്ങാടിയാത്തു പിതാവ്. അദ്ദേഹത്തിന്റെ അനുഗ്രഹത്താലും ആശീർവ്വാദത്താലും 2006 സെപ്റ്റംബർ 24നു ലോക പ്രവാസി ക്നാനായ കത്തോലിക്കരുടെ പ്രഥമ ഇടവക ഇവിടെ സ്ഥാപിതമായപ്പോൾ, ചിക്കാഗോ ക്നാനായ സമൂഹത്തിന്റെ ഒരു ചിരകാല സ്വപ്നമായിരുന്നു സാക്ഷാത്കരിക്കപ്പെട്ടത്.

ഒരു ദിവസത്തെ 24 മണിക്കൂറിൽ 20 മണിക്കൂറും ഈ ഇടവക സമൂഹത്തിന്റെ വളർച്ചയ്ക്കായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മുത്തോലത്തച്ചനെയാണ് നമുക്കു വികാരിയായി ലഭിച്ചിരിക്കുന്നത്. എല്ലാ ഞായറാഴ്ചയും കളർ പേജുകളിൽ മുടങ്ങാതെ പ്രസിദ്ധപ്പെടുത്തുന്ന ഇടവക ബുള്ളറ്റിന്റെ താളുകൾ തന്നെ അതിന് ഏറ്റവും വലിയ സാക്ഷ്യമാണ്. ഓരോ ഞായറാഴ്ചത്തെയും ഇടവക ബുള്ളറ്റിൻ മറിച്ചു നോക്കിയാൽ മനസ്സിലാക്കുവാൻ സാധിക്കും, ഈ ഇടവകയിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ബാഹുല്യം. ഈ ഇടവകയിലെ ആബാലവൃദ്ധം ജനങ്ങളുടെയും ആത്മീയ വളർച്ചയ്ക്കും സഭാ ബോധവത്ക്കരണത്തിനും സാമൂഹിക സാംസ്കാരിക പുരോഗതിയ്ക്കും, ഇടവക ജീവിതം ഇന്നു ചാലക ശക്തിയായി മാറുന്നെങ്കിൽ, അതിനു കാരണക്കാരൻ മറ്റാരുമല്ല, നമ്മുടെ പ്രിയപ്പെട്ട മുത്തോലത്തച്ചനാണ്.

ചിക്കാഗോ ക്നാനായ സമൂഹത്തിന്റെ സഭാത്മക വളർച്ചയെ ത്വരിതപ്പെടുത്തുന്ന പ്രേരക ശക്തിയായി ഈ ഇടവക ഇന്ന് മാറിക്കഴിഞ്ഞു. കഴിഞ്ഞ ഒൻപതു മാസംകൊണ്ട് സംഭവിച്ച ഏറ്റവും വലിയ മാറ്റമാണത്. നൂറുകണക്കിനു വിശ്വാസികളുടെ നിസ്വാർത്ഥമായ വിയർപ്പിന്റെയും കഠിനാദ്ധ്വാനത്തിന്റെയും വിലയാണ് പരിശുദ്ധമായ ഈ ദൈവാലയം. ബാലാരിഷ്ടതകൾ പിന്നിട്ടുകൊണ്ട്, വളർച്ചയുടെ വഴിത്താരയിലൂടെ അതിവേഗം ബഹുദൂരം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഈ ഇടവകയിൽ ആരംഭിക്കുന്ന ഓരോ പുതിയ പ്രോജക്ടും സാമ്പത്തിക ഭദ്രതയിലൂടെ വിജയിക്കുന്നതിന്റെ പ്രധാന കാരണം ഇടവക വിശ്വാസികളുടെ കൂട്ടായ്മയാണ്.



ജോസ് കണിയാലി

അത്മായരെ സജീവമായി കർമ്മനിരതരാക്കുന്ന വളരെയേറെ പ്രസ്ഥാനങ്ങൾ ഈ ഇടവകയ്ക്കുണ്ട്. ചിൽഡ്രൻസ് മിനിസ്ട്രി, റ്റീൻസ് മിനിസ്ട്രി, യൂത്ത് മിനിസ്ട്രി, വിമെൻസ് മിനിസ്ട്രി, മെൻസ് മിനിസ്ട്രി, സീനിയർ സിറ്റിസൺസ് മിനിസ്ട്രി എന്നിവയും ലീജിയൺ ഓഫ് മേരി, സെന്റ് വിൻസന്റ് ഡി പോൾ, കൂടാരയോഗം, ധ്യാനങ്ങൾ, തിരുന്നാളുകൾ, ആത്മീയ സാംസ്കാരിക ആഘോഷങ്ങൾ എന്നിവയും സജീവമായി പ്രവർത്തിക്കുന്നു. പ്രവാസി ക്നാനായക്കാരുടെ പ്രഥമ സെമിത്തേരിയും ഈ ഇടവകയ്ക്കുണ്ടായതിൽ ഞങ്ങൾ ദൈവത്തിനു നന്ദി പറയുന്നു. ദൈവം ഞങ്ങൾക്കു നല്കിയ ഈ ഇടവക ദൈവാലയത്തിന് പ്രതിനന്ദിയായി ഇന്ത്യയിലെ മിയാവു രൂപതയിൽ ഈശോയുടെ തിരുഹൃദയ നാമത്തിൽ മറ്റൊരു ദൈവാലയം ഈ ഇടവക സ്പോൺസർ ചെയ്തു നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ ഞങ്ങളുടെ മക്കൾ മലബാർ സഭയുടെ പാരമ്പര്യത്തിൽ മതബോധനം നടത്തി, വിശ്വാസവിരുന്ന് ആസ്വദിച്ചു വളരുന്നത്, ഞങ്ങൾ അഭി

*(Continued on page 8)*



**Installation and blessing of the new parish volunteers by Major Archbishop Varkey Cardinal Vithayathil, Bishop Mar Jacob Angadiath, and priests.**

# കുറഞ്ഞ കാലംകൊണ്ട് ഏറെ നേട്ടങ്ങൾ

*(സ്വീകരണ സമ്മേളനത്തിലെ പ്രസംഗത്തിൽനിന്ന്)*

ജന്മംകൊണ്ടുനേടിയ ക്നാനായ പാരമ്പര്യങ്ങളിൽ വളരെയേറെ അഭിമാനിക്കുന്ന ഞങ്ങൾ എല്ലാവരും പൂർണ്ണമായി വിശ്വസിക്കുന്ന മറ്റൊരു പരമ സത്യമുണ്ട്. കർമ്മംകൊണ്ടു മാത്രമേ നല്ല കത്തോലിക്കനാകുവാൻ സാധിക്കുകയുള്ളു. ആ സത്യാന്വേഷണത്തിന്റെ പൂത്തീകരണമെന്നോണം, നീണ്ട കാത്തിരുപ്പിനൊടുവിൽ ഞങ്ങൾക്കു ലഭിച്ച ഈ ഇടവക ദൈവാലയം ഇന്നു ഞങ്ങളുടെ ആരാധനാലയമാണ്, ആശ്വാസ കേന്ദ്രമാണ്, കൂട്ടായ്മയുടെ പ്രതീകമാണ്, ഞങ്ങളുടെ എല്ലാമെല്ലാമാണ്.

പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാണെന്നു വിശ്വസിക്കുകയും അതു സ്വജീവിതത്തിലൂടെ കാണിച്ചുതരികയും ചെയ്തു ഞങ്ങളെ നയിക്കുന്ന കർമ്മധീരനായ ഞങ്ങളുടെ പ്രിയപ്പെട്ട വികാരി മുത്തോലത്തച്ചന്റെ നേതൃത്വത്തിൽ വളരെ കുറഞ്ഞൊരു കാലം കൊണ്ട് പല നേട്ടങ്ങളും ഈ ഇടവകയ്ക്കു കൈവരിക്കാനായതിൽ ഞങ്ങൾ വളരെ സന്തുഷ്ടരാണ്.

**ഇടവക സ്ഥാപനത്തിനു മുമ്പുതന്നെ പ്രവർത്തനമാരംഭിച്ച വിമൻസ് മിനിസ്ട്രി ഇപ്പോൾ മെൻസ് മിനിസ്ട്രിയോടു ചേർന്ന് ഇടവകയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്നത് ഇതിനോടകം ശ്രദ്ധ നേടിയ കാര്യമാണ്. കൊച്ചു കുട്ടികൾക്കു മുതൽ വാർദ്ധക്യത്തിലെത്തിയവർക്കുവരെയുള്ള എല്ലാ മിനിസ്ട്രികളും സേവന തല്പരതയോടെ ത്യാഗോജ്ജ്വല പ്രവർത്തനങ്ങൾ ഇടവകയ്ക്കുവേണ്ടി കാഴ്ചവെയ്ക്കുന്നു. തിരക്കേറിയ അമേരിക്കൻ ജീവിതത്തിനിടയിലും ധാരാളം ഇടവകാംഗങ്ങൾ തങ്ങളുടെ വിലയേറിയ സമയം ഈ തിരുഹൃദയ ദൈവാലയത്തിനുവേണ്ടി സന്തോഷപൂർവ്വം ചിലവഴിക്കുന്നു.**

**360 കുട്ടികൾ 70ൽപരം യുവജനങ്ങളുടെ നേതൃത്വത്തിൽ മതബോധന പരിശീലനം നടത്തി വരുന്നത് ഞങ്ങളുടെ ഇടവകയുടെ ഏറ്റം വലിയ നേട്ടമായി ഞങ്ങൾ കരുതുന്നു. പ്രാർത്ഥനാ ഗ്രൂപ്പ്, സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി, ലീജിയൺ ഓഫ് മേരി എന്നീ ഭക്ത സംഘടനകൾ ആദ്ധ്യാത്മിക വളർച്ചയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് കാര്യക്ഷമമായി പ്രവർത്തി ക്കുന്നു.**



ജെസ്സിൻ കട്ടപ്പുറം

**സ്വന്തമായൊരു ഇടവക ദൈവാലയം ലഭ്യമായതിൽ പിന്നെ നടത്തുവാൻ സാധിച്ചിട്ടുള്ള ധ്യാനങ്ങളും തിരുന്നാളുകളും ബൈബിൾ ക്ലാസ്സുകളും പ്രീമാര്യേജ് കോഴ്സുകളും ജീവിത ഗന്ധിയായ വിഷയങ്ങളെക്കുറിച്ചുള്ള സെമിനാറുകളും ഞങ്ങളുടെ പ്രാർത്ഥനാ ജീവിതത്തിന്റെയും സാംസ്കാരികോന്നമനത്തിന്റെയും വളർച്ചയ്ക്ക് വലിയ പങ്കു വഹിക്കുന്നുണ്ട്.**

സീറോ മലബാർ സഭയിലൂടെ ഞങ്ങൾക്കു കൈവന്ന വിശ്വാസദീപം അതിന്റെ പൂർണ്ണ ശോഭയിൽതന്നെ വരും തലമുറയി ലേക്ക് കൈമാറുകയെന്നതാണു ഞങ്ങളുടെ ആത്യന്തിക ലക്ഷ്യം. സൗമ്യനും ദീർഘലക്ഷമയുള്ളവനുമായ ഞങ്ങളുടെ രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയാത്തു പിതാവിന്റെ സാന്നിദ്ധ്യവും പ്രോത്സാഹനവും ഞങ്ങളുടെ ഇടവകയ്ക്ക് വേണ്ടുവോളം ലഭിക്കുന്നു വെന്നത് ഏറ്റവും വലിയ അനുഗ്രഹമാണ്.

വന്ദ്യ പിതാക്കന്മാരേ, ഞങ്ങൾ ഇനിയും ഒരുപാടു വളരേണ്ടിയിരിക്കുന്നു. ക്നാനായ മക്കൾക്കായി അമേരിക്കയിൽ ഇനിയും ദൈവാലയങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. സ്ഥലപരിമിതിയുള്ള ഇവിടെ യൂത്തു സെന്റർ നിർമ്മാണ പ്രവർത്തനങ്ങൾ താമസിയാതെ തുടങ്ങേണ്ടതും അത്യാവശ്യമാണ്. ഞങ്ങളുടെ എല്ലാ സംരംഭങ്ങൾക്കും വന്ദ്യ പിതാക്കന്മാരുടെ അനുഗ്രഹവും പ്രാർത്ഥനയും പ്രോത്സാഹനങ്ങളും ധാരാളമായി നല്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

*(Continued from page 7)*

**മാനത്തോടും അശ്വാസത്തോടും സന്തോഷത്തോടുംകൂടെ കണ്ടുകൊണ്ടിരിക്കുന്നു.**

സ്വസമുദായ വിവാഹ നിഷ്ഠയും, തനതായ ആചാരങ്ങളും, നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ ഈടുവെയ്പുകളാണ്. അവ സംരക്ഷിച്ച് സഭയെ സ്നേഹിക്കുവാനും ശുശ്രൂഷിക്കുവാനും, തലമുറതലമുറകളിലൂടെ നമ്മുടെ തനിമ നിലനിർത്തുവാനും നമുക്കു കഴിയണം. അതോടൊപ്പം സഭയോടു ചേർന്നു നിന്നുകൊണ്ട്, ആത്മീയ വളർച്ച കൈവരിക്കുവാനും, ജീവിക്കുക ജീവിക്കുവാൻ അനുവദിക്കുക എന്ന ആപ്തവാക്യം പ്രാവർത്തികമാക്കുവാനും, ഞങ്ങളെ അനുഗ്രഹിച്ച് ആശീർവ്വദിക്കണമെന്ന് ഈ ഇടവക സമൂഹത്തിന്റെ പേരിൽ അത്യുന്നത കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിനോട് അപേക്ഷിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു. *(സ്വീകരണ സമ്മേളനത്തിലെ പ്രസംഗത്തിൽനിന്ന്)*



Major Archbishop Varkey Cardinal Vithayathil cutting his 80th Birthday cake along with Mar Jacob Angadiath who is celebrating the sixth anniversary of his consecration as Bishop of the St. Thomas Syro-Malabar Catholic Diocese of Chicago.

# Our Youth Centered Parish

Let me share my reflections on our ministries for the youth and children of our parish. Our parish has become a vibrant community with great involvement of the children and youth because of children's ministry, teens ministry, youth ministry, children choir, ushers, alter servers, and of course religious education school. The spiritual formation of us are assured by all these and the youth retreat held at Bishop Lane Retreat Center in Rockford. Resource persons from various places had come to guide us in these activities.

In our religious education program the youth of the community teach the younger generation about God. Naturally we are all very excited for this opportunity, because it provides us with a chance to interact with the kids, to work together and to strengthen our relationship with God. The youth CCD teachers took this task as a challenge.

We had a magnificent turn out for our holiday food drive. A spectacular Christmas day celebration with an entertaining Christmas caroling concert. We had an inspiring field trip to Indiana during holy week for the Way of the Cross. And who can forget the Religious Education Festivals. Each program had a Biblical theme that was being presented in various forms of dances and skits. The friendships that were formed, the smiles on their faces, and the love that they all had for God were indications that the religious education program has done its job in promoting a spiritual growth and unity in our community.

With a great beginning, everyone was anticipating the years to come, and now I am happy to say that the religious education program has flourished from the foundations that we created three years back. Now look at us, we have our own church, over 360 students, and over 70 youth teachers and adult volunteers in two religious education schools. In fact we even have classrooms now, with real walls and everything. The success of this program will continue since our community is very supportive and we have the great guidance of Fr. Mutholath.

**Since this program started three years back all of us youth have become closer and better friends. Of course we all knew each other before, but no one really kept in touch other than at main community or church events. Now we all keep in touch and meet outside of church as well as at church every Sunday. All of us have created a special bond with each other that was not there before. Each of our spiritual life has also become stronger and now we have become closer to Christ. Our relationships with adults and other parishioners have also increased.**

**A girl who was in the second grade this past year wrote an article for the news letter describing our Sacred Heart church in Maywood as being her second home. She's right because everyone gets up early to get here for mass and no one wants to leave. I myself have often cancelled plans that I have made after church because I'd rather be here. I'm very happy to see what our church has become. There's a compassionate and warm atmosphere, which lets anyone who comes feel welcomed and loved, just like one big family.**



**TESSA THANNIKKARY**

Once again, thank you to all. On behalf of the youth and young kids here we would like to thank our cardinal and bishop for your visit and encouragement.

## യൂത്ത് സെന്ററിനുവേണ്ടിയുള്ള പ്രാർത്ഥന

കർത്താവായ ദൈവമേ, അങ്ങയുടെ അനന്തമായ സ്നേഹത്തേയും / നിരന്തരമായ പരിപാലനയേയും ഞങ്ങൾ വാഴ്ത്തുന്നു. എളിയവരായ ഞങ്ങളുടെ പ്രാർത്ഥന സ്വീകരിച്ച് / ഈശോയുടെ തിരുഹൃദയ നാമത്തിൽ / ഞങ്ങൾക്ക് സ്വന്തമായൊരു ഇടവക ദൈവാലയം ലഭ്യമാക്കിയതിന് / അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു.

ഈ ഇടവകയേയും / ഇവിടെ ശുശ്രൂഷ ചെയ്യുന്ന വൈദികരെയും / അത്മായ പ്രേഷിതരെയും അനുഗ്രഹിക്കണമേ. വിശുദ്ധ പത്താം പിയൂസിന്റെ കാരുണ്യത്താൽ ഞങ്ങൾക്കു ലഭിച്ച / കോട്ടയം അതിരൂപതയേയും / ഞങ്ങൾ അംഗങ്ങളായിരിക്കുന്ന സെന്തോമസ് സീറോ മലബാർ രൂപതയേയും / ഞങ്ങൾ സ്പോൺസർ ചെയ്തിരിക്കുന്ന / ഇന്ത്യയിലെ മിയാവു രൂപതയേയും / അവയിലെ രൂപതാദ്ധ്യക്ഷന്മാരെയും അനുഗ്രഹിക്കണമേ. ഞങ്ങൾക്കെല്ലാവർക്കും സഭയോടൊത്ത് / വിശ്വാസത്തിലും അത്മീയ ചൈതന്യത്തിലും വളരുവാൻ കൃപചെയ്യണമേ.

ഞങ്ങളുടെ എല്ലാ കുഞ്ഞുങ്ങൾക്കും യുവജനങ്ങൾക്കും / ആത്മീയ ഉണർവ്വും സഭാ പരിശീലനവും നല്കുന്നതിനും / ഞങ്ങളുടെ ഭക്ത സംഘടനകളുടെയും / വിവിധ മിനിസ്ട്രികളുടെയും സുഗമമായ നടത്തിപ്പിനും / വിശേഷാവസരങ്ങളിൽ / ഞങ്ങളുടെ എല്ലാ ആളുകൾക്കും ഒന്നുചേർന്ന് / അങ്ങേയ്ക്കു ബലിയർപ്പിക്കുന്നതിനും / സാമൂഹ്യ ബന്ധങ്ങൾ മെച്ചപ്പെടുത്തുന്ന / കൂട്ടായ്മാ സമ്മേളനങ്ങൾ നടത്തുന്നതിനുമായി / ഞങ്ങൾ സ്ഥാപിക്കുന്ന യൂത്ത് സെന്ററിന്റെ / നിർമ്മാണ പ്രവർത്തനങ്ങൾ / എത്രയും വേഗം പൂർത്തിയാക്കുവാൻ / ഞങ്ങളെ അനുഗ്രഹിക്കണമേ.

ഈ യൂത്ത് സെന്ററിന്റെ ധനശേഖരണത്തിലും / നിർമ്മാണ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നവരെയും / ഈ സംരഭത്തിനു സാമ്പത്തിക സഹായം ചെയ്യുന്നവരെയും / സമൃദ്ധമായി അനുഗ്രഹിക്കണമേ..

ഈശോയുടെ തിരുഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.
പരിശുദ്ധ ഗ്വാഡലൂപ്പെ മാതാവെ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
വിശുദ്ധ പത്താം പിയൂസേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വസ്തുതി





**The choir that lead us during the Holy Mass by Mar Varkey Cardinal Vithayathil and Mar Jacob Angadiath**





Welcome Speech: Fr. Abraham Mutholath, Vote of thanks: Johny Thekkepparambil, Master of Ceremonies: George Thottappuram.




Readers: Alvina Puthenpurayil & Sonu Puthenpurayil

## BLOOD DRIVE AT OUR CHURCH

**Our Parish Summer Program team is organizing a blood drive with LifeSource on Sunday, July 22nd after 10:00 A.M. Mass until 3:30pm in our Parish Hall. Please donate blood and save lives. Please sign up with our organizers.**



നമ്മുടെ ഇടവകയുടെ സമ്മർ പ്രോഗ്രാമിന്റെ ഭാഗമായി ജൂലൈ 22 ഞായറാഴ്ച 10:00 മണിക്കുള്ള കുർബ്ബാനയ്ക്കു ശേഷം സംഘടിപ്പിക്കുന്ന രക്തദാനത്തിൽ സഹകരിച്ച് ജീവൻ രക്ഷാ പദ്ധതിയിൽ പങ്കുകാരാകുക.



സഭാ പാരമ്പര്യമനുസരിച്ച് മേജർ ആർച്ചു ബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തിലിനെയും രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയാത്ത് പിതാവിനെയും വികാരി ഫാ. ഏബ്രഹാം മുത്തോലത്ത് കത്തിച്ച തിരികൾ നല്കി സ്വീകരിച്ചപ്പോൾ.

### ഇടവക സ്മരണികയ്ക്ക് ഫോട്ടോ നല്കിയോ?

നമ്മുടെ മിഷന്റെയും ഇടവകയുടെയും കഴിഞ്ഞ 25 വർഷത്തെ ചരിത്രമടങ്ങുന്ന ബഹുവർണ്ണ സ്മരണികയ്ക്ക് കുടുംബ ഫോട്ടോകൾ നല്കാത്തവർ എത്രയും വേഗം പള്ളിയിൽ ഏല്പിക്കുക. നൂറ്റാണ്ടുകൾ നിലനില്ക്കുന്ന ഈ ചരിത്ര ഗ്രന്ഥത്തിൽ സ്ഥാനം പിടിക്കുവാനുള്ള സുവർണ്ണാവസരം പ്രയോജനപ്പെടുത്തു മല്ലോ.

## READERS / LECTORS — ശ്ലീഹാക്കാലം

| JULY 15 | PASSAGE | S.H. CHURCH | ST. MARY'S |
|---|---|---|---|
| 1st Reading | Deut. 30:10-14 | Gerrin Chathampadam | Jeena Poothara |
| 2nd Reading | Colossians 1:15-20 | Joann Puthenpurayil | Justina Edakkara |
| JULY 22 | | | |
| 1st Reading | Genesis 18:1-10a | Sindhu Jimmy | Jeffry Plamparampil |
| 2nd Reading | Colossians 1:24-28 | Simon Kattappuram | Ida Plamparampil |

## Ushers at Sacred Heart

| July 15 |
|---|
| Abeena Karikkal<br>Jamie Mutholam<br>Tobin Poothakkary<br>JoAnn Puthenpurayil<br>Savio Vanchipurackal |
| **July 22** |
| Royce Njaravelil<br>JoAnn Puthenpurayil<br>Jerry Thekkeparambil<br>Seejo Valacheril<br>Savio Vanchipurackal |

# LETTER FROM AN YOUNG DONOR



*Dear Achen,*

*My Dad and Mom had encouraged me to donate money for the youth center. So I opened my piggy bank and made all that coins into cash. It turned out to be only about $192. Then I used my birthday money to make it $250.00. This way when I grow up I will be proud to know that I was a part of this making in the youth center. Thank you.*

*Sincerely*
*Patrick Nedumackal*
*(S/o Mathew & Vimala Nedumackal)*

## Weekly Offering

© J. S. Paluch Co., Inc.

*July 8*

| | |
|---|---|
| **St. Mary's Unit** | **116.00** |
| Regular Collection at S.H. Church | 767.00 |
| Building Fund: Youth Center July 2 & 8 | 61,286.00 |
| Food Committee | 197.00 |
| Agape Lemonade (for charity) | 97.00 |
| Religious Store | 125.00 |
| Special Collection on July 2 | 1,578.00 |
| Offering Box | 167.00 |
| TOTAL RECEIPTS AT S.H. CHURCH | **64,217.00** |


Best compliments from The Mutholath Family



**Pro-Rehab Services, P.C.**
Outpatient Rehab. Specialists.
Orthopedic PT, OT, ST, Pediatric Therapy, Sports Medicine, Stroke Rehab, Lymphedema Treatment.
6400 College Dr. Suite 800, Palos Heights, IL 60463, (708) 489 6PRS
9518 W. 179th Street, Tinley Park, IL 60487
www.pro-rehabservices.com

**Choicecare Home Health, Inc.**
Skilled Home Health Agency of Choice
Intermittent Skilled Nursing, PT, OT, Speech and Language Pathology, Medical Social Worker, Home Health Aide.
9520 W. 179th St., Tinley Park, IL 60487
(708) 633-8600, www.choicecarehh.com

Medicare Certified, most insurance accepted.

**Gaanam Videos & Photos Edukkutharayil**
Professional Touch



with Latest Technology.



*ANIL*
*Cell: 630-202-5969*
*Res: 847-827-7827*

**Chilli's garden**
The Indian taste
Dine in, Carryout & Catering
Free Home Delivery
847-296-0777
8971, N. Potter Road
Desplaines IL 60016
Cyril Kattapuram 224-717-0376

**ST. MICHAEL'S TOWING**
24 HOUR ROADSIDE ASSISTANCE
1-866-JOE-4-TOW
**POWER WASH** 847-568-1500
4002 W. Chicago, IL
7736 W. Dempster, Morton Grove, IL



JOY CHEMMACHEL
312-560-1600


Please support our advertisers to support us.




**Jaibu Mathew, E.A.**
ENROLLED TO PRACTICE BEFORE IRS
7215 W. Touhy, Suite 5, Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com
* Free Electronic Filing *
* Refund in 24 Hours *

**Professional with 11 years experience in catering.**
YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out
Call
**WILLIAM GEORGE**
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail: malabarcat@yahoo.com

We put our money where our mouth is



Free Refinanceing !!!!!
Loan amount up to 100%
No credit, Poor credit - No Problem
buy new home/investment property

Citywide Mortgage of America Corp.
Jimmy Thomas Kollappallil
Cell: (847) 814-3949
Off: (773) 202-2600
Fax: (773) 202-2605
Email:jimmy@citywidema.com
ക്രെഡിറ്റ് ഇല്ലേ ... സാരമില്ല
ക്രെഡിറ്റ് മോശം ... സാരമില്ല
100% ലോൺ നൽകപ്പെടും
പുതിയ വീട് വാങ്ങണം...
ഉടൻ വിളിക്കൂ (847) 814-3949

COLDWELL BANKER



**MARTIN & MARBRY**
*REALTOR*
For All Your Real Estate Needs
Buying, Selling, Re-locating & Investing
Call: **Zachariah Chacko (Zach)**
(A Friendly Realtor)
**Find out how much your dream home is worth today?**
4632 W. Church St., Skokie, IL 60076
(847) 677-1200 (Business)
(847) 551-7386 (Pager)
(847) 374-5031 (Voice Mail)
EQUAL HOUSING LENDER

**ROYAL TRAVEL SERVICE**
3423 W. LAWRENCE AVE, ROOM #5, CHICAGO, IL 60625
TEL: (773) 509-9600, FAX: (773) 509-1196
*KUWAIT AIRWAYS * AIR INDIA * MALAYSIAN * SWISS AIR * BRITISH AIRWAYS * LUFTHANSA AIR FRANCE * KLM * SINGAPORE AIR, ETC.,
YOUR KNANAYA TRAVEL AGENCY
CONTACT: JOSE KORATTIYIL, JAY KALAYIL, CHERIAN VENKADATHU

Greetings to Knanaya Catholic Mission Chicago



SERVING THE MALAYALEE COMMUNITY SINCE 1982

Personal Injury • Wrongful Death • Medical Negligence • Car Accidents • Slip and Fall • Work Injuries

Your Call is Always Welcome

**Attorney Steve Crifase**

312-855-0511

8 South Michigan, Suite 2000, Chicago, Illinois 60603

Dupage County Office and Home Visits Available

**J & J REMODELING**

"Where work is a piece of art."

Call Us For Remodeling Your



* Kitchen
* Bathroom
* Basement
* Bedroom

**Jose Korattiyil**

Res: (847) 933-9509

Cell: (847) 293-6211

CLARK | Shell | Gas DEPOT | MARATHON | CITGO

Gasoline distribution throughout the Midwest

***Your KNANAYA Gasoline Jobber***

**Gas Depot Oil Co.**

IL 60053

847-581-0303 (Off)

847-581-0309 (Fax)

**www.gasdepot.com**

**Cottage Hill** Real Estate, Inc.

Delivering more than we promise!!



George Mathews
Realtor

109 S. Adell Place
Elmhurst, IL 60126

Cell 630.935.0328
Office 630.758.0540
Fax 630.758.0530
Email: gmathews@cottagehill.info

**RN Review**

Comprehensive Review
Free make-up classes
Individualized Coaching
Full Length Practice Tests
Convenient location

**ExcelRn**

1460 Renaissance
Ste # 208
Park Ridge IL 60068

**Call : (630) 742 7202**

**www.excelrn.com**




**LINCOLNWOOD MORTGAGE SERVICES, INC.**



**4039 W. Main St., Skokie, IL 60076**

**Phone: 847-674-1600**

**Fax: 847-674-1608**

*For all your Mortgage Services*

**Please contact: Benny Kuriakose (Kanjiraparayil)**

Phone: 847.583.1245, Pager: 773.258.1301.

**PURCHASE, REFINANCES, FIXED, ADJUSTABLE**

Home Dream Home !!!
To fulfill your sweet dream Call today & experience the difference !!!

Shaji Nirappil
Office: (630) 539-7076
Fax: (630) 833-6747
Cell: (630) 886-1044
Email: shajinirappil@hotmail.com



Avian Realty
Serving You More For Less

Specialties include residential, Commercial & Gas Stations in and around Chicago land area.

**SPACE AVAILABLE FOR YOUR ADVERTISEMENT**

**CITYWIDE JMW REALTY INC.**



**4313 W. Irwing Park, Chicago, IL 60641**

**ALEX MULLAPPALLIL**

REALTOR CONSULTANT

Tel: 773-286-6200 * Cell: 847-208-6657

Res: 847-679-9431 * Fax: 773-286-9516

Specializing in: Gas Stations, Investments, Commercial, & Residential.

WE ARE COMMITTED TO EXCELLENCE

COMING TOGETHER TO SERVE YOU BETTER



Cell: 847-894-7486

Cell: 847-877-2870

RESIDENTIAL & COMMERCIAL

RE/MAX

**FOR ALL YOUR PERSONAL AND BUSINESS TAX SERVICES**



**TOMY NELLAMATTAM**

619 N. Milwaukee Ave., Suite 25
Glenview, IL 60025.
847-486-4112 (Off)
847-302-8556 (Cell)
847-724-3247 (Fax)

PERFECT WORK DESIGN

"ALL WOOD WORK"

ANNA & ANDY

1900 N. AUSTIN AVE. 7F-E
CHICAGO, IL 60639
TEL: (773) 804-0441
FAX: (773) 804-0481
CELL: (773) 474-1655

**CitizensBank&Trust**

5700 N. Central Ave. Chicago, IL 60646

**YOUR COMMUNITY BANK!**

**WE ARE HERE FOR ALL YOUR NEEDS!**

***Commercial * Residential * Investments***

FDIC FEDERAL DEPOSIT INSURANCE CORPORATION

EQUAL HOUSING LENDER

**ANNA G. LES**

ASSISTANT VICE PRESIDENT

Main: 773.763.6200

Email: annales@cbtoc.com



**JAMES KATTAPURAM**

**Cell: 630-202-1002**

**Res: 630-307-1518**

**100% Customer Service**

Citywide Mortgage of America Corp.

***4305 W. Irving Park, Chicago, IL 60641***

***Tel: 773.286.6200***

Specializing in:
*Existing Residential
* New Construction
* Commercial / Investment

For a Buyer / Seller Consultation
For a Free Market Analysis
For a Free Pre-Qualification